"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്- ശമ്പള ശമ്പളേതര ചെലവുകൾക്ക് അധിക ധനാനുമതിയായി അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.971/2025/AGRI തീയതി,തിരുവനന്തപുരം, 13-10-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം. 523/2025/കൃഷി തീയതി 30.05.2025
2. അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറുടെ 09.09.2025 തീയതിയിലെ 32/IRTCBSF/2015 നമ്പർ കത്ത്.
3. സ.ഉ (സാധാ) നം. 7996/2025/ധന തീയതി 06.10.2025

**<u>ഉത്തരവ്</u>**

കുട്ടനാട്, അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ ശമ്പള ശമ്പളേതര ചെലവുകൾക്കായി 2415-01-004-88 ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷം പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 30 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. 2025 ആഗസ്ത് മാസം വരെയുള്ള ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 28,05,990/- രൂപ ചെലവായതായും 2025 സെപ്റ്റംബർ മാസം മുതൽ 2026 മാർച്ച് മാസം വരെയുള്ള ശമ്പള ശമ്പളേതര ചെലവുകൾക്കായി അധിക ധനാനുമതിയായി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും അന്തർദേശീയ കായൽ-കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ പരാമർശം 2ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയും അന്തർദേശീയ കായൽ-കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ ശമ്പള ശമ്പളേതര ചെലവുകൾക്കായി 2025-26 സാമ്പത്തിക വർഷം പരാമർശം 3ലെ സർക്കാർ ഉത്തരവ് പ്രകാരം 25 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3. അന്തർദേശീയ കായൽ-കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് പരാമർശം

3ലെ സർക്കാർ ഉത്തരവ് പ്രകാരം 2025-26 സാമ്പത്തിക വർഷം ശമ്പള ശമ്പളേതര ചെലവുകൾക്കായി 2415-01-004-88 ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച 25 ലക്ഷം രൂപ പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്കും തുടർന്ന് വരുന്ന ചെലവ് പരമാവധി ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നുമുള്ള നിബന്ധനയ്ക്കും വിധേയമായി അന്തർദേശീയ കായൽ-കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, അന്തർദേശീയ കായൽ-കൃഷി ഗവേഷണ പരിശീലന കേന്ദ്രം,

കുട്ടനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 9.10.2025 ലെ 3263665/Agri-B1/400/2025-FIN പ്രകാരം)

ഡയറക്ടർ, Web & New Media

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 13-10-2025 11:17:16
സെക്ഷൻ ഓഫീസർ